**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1613** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭവന നിർമ്മാണ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഭവന നിർമ്മാണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡു മുഖേന നിലവിൽ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**1. ആശ്വാസ് വാടക വീട് പദ്ധതി**<br><br>സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസ സൗകര്യം ലഭിക്കുന്നതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് സമീപം നടപ്പിലാക്കുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ ആകെ 75 കിടക്കകളുള്ള 2 നില കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ആകെ 106 കിടക്കകളുള്ള 3 നില കെട്ടിടം, കണ്ണൂർ ജില്ലയിൽ 106 പേർക്ക് താമസസൗകര്യം ലഭ്യമാക്കുന്ന 3 നിലകളുള്ള കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.<br><br>**2. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കായുള്ള വാടക വീട് പദ്ധതി:**<br><br>സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിന് ജില്ലാ കളക്ടർക്ക് കൈമാറുന്ന പദ്ധതിയാണിത്.<br><br>പദ്ധതിയുടെ ഘട്ടം IV-ആയി കാസർഗോഡ്, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലായി ആകെ 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിക്കും, ഘട്ടം V-ആയി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിലായി ആകെ 24 |

ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയ്ക്കും ഭരണാനുമതി നല്കിയിരുന്നു. പ്രവർത്തി പുരോഗമിച്ചു വരുന്നു.

3. **<u>ബോർഡിന്റെ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് പദ്ധതി, കോഴിക്കോട്</u>**

കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 3 നിലകളിലായി 1392.11 ച.മി. വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നു. 12 ഫ്ലാറ്റുകൾ ഉൾപ്പെടുന്ന കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി ഉൽഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്.

4. **<u>ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി</u>**

കേരളത്തിലെ സാധാരണ ജനങ്ങളെ പാർപ്പിട മേഖലയിലെ സ്വകാര്യ സംരംഭകരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനും "എല്ലാവർക്കും സുരക്ഷിത ഭവനം" എന്ന കേരള സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുമായി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആവിഷ്ക്കരിക്കുന്ന നൂതന പദ്ധതിയാണിത്. പദ്ധതി പ്രദേശം ഉൾപ്പെടുന്ന പഞ്ചായത്ത് / കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ദുർബ്ബല വിഭാഗത്തിൽപ്പെട്ട സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്ത വ്യക്തികൾക്കു കുറഞ്ഞ ചിലവിൽ വീട് ലഭ്യമാകുന്ന പദ്ധതിയാണിത്. 2020-21 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മുക്കം (കോഴിക്കോട്), പട്ടുവം (കണ്ണൂർ), തൃക്കൈപ്പെറ്റ (വയനാട്) എന്നീ സ്ഥലങ്ങളിൽ 1290 ലക്ഷം രൂപ ചിലവാക്കി യഥാക്രമം 36 ഫ്ലാറ്റുകൾ, 36 ഫ്ലാറ്റുകൾ, 11 വീടുകൾ എന്നിവ നിർമ്മിച്ച് ഉപഭോക്താക്കൾക്ക് കൈമാറാൻ ആണ് ഉദ്ദേശിക്കുന്നത്.

5. **<u>പാരസ്പര്യം ഫ്ലാറ്റ്സ് നിർമ്മാണ പദ്ധതി</u>**

i. പാരസ്പര്യം ഫ്ലാറ്റ്സ് നിർമ്മാണ പദ്ധതി, അമ്പല നഗർ, തിരുവനന്തപുരം - തിരുവനന്തപുരം ജില്ലയിൽ കവടിയാർ വില്ലേജിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 13 നിലകളിലായി ആകെ 88 ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയാണിത്. ടി പ്രവർത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

ii. തൃക്കാക്കര കൊമേഴ്സ്യൽ കം റസിഡൻഷ്യൽ പദ്ധതി, എറണാകുളം - എറണാകുളം ജില്ലയിൽ വാഴക്കാല വില്ലേജിൽ ബോർഡ് നടപ്പിലാക്കിയിട്ടുള്ള സാറ്റലൈറ്റ് ടൗൺഷിപ്പ് പദ്ധതി പ്രദേശത്തുള്ള ഭൂമിയിൽ 4 നിലകൾ ഉള്ള ഒരു കൊമേഴ്സ്യൽ കം

റസിഡൻഷ്യൽ കോംപ്ലക്സ് നിർമ്മിക്കുവാനാണുദ്ദേശിക്കുന്നത്. 9.10 കോടി രൂപ ചെലവു വരുന്ന ടി പ്രവർത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

**6. <u>ഗൃഹശ്രീ പദ്ധതി</u>**

സ്വന്തമായി 2 സെന്റ് /3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS) വിഭാഗം /താഴ്ന്ന വരുമാന (LIG) വിഭാഗത്തിൽ പെട്ടവർക്ക് സന്നദ്ധ സംഘടന/ എൻ .ജി .ഒ /കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ സ്പോൺസറും ഗുണഭോക്താവും ഓരോ ലക്ഷം രൂപ വീതം ബോർഡിൽ നിക്ഷേപിക്കുമ്പോൾ 83.ച. മീറ്റർ വീട് നിർമ്മാണത്തിനായി 3 ലക്ഷം രൂപ കേരള സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണ് ഗൃഹശ്രീ പദ്ധതി.

**7.<u>ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം</u>**

കുറഞ്ഞത് 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ വാർഷിക വരുമാനം 3-12 ലക്ഷം രൂപ വരെയുള്ള താഴ്ന്ന ഇടത്തരം വരുമാന വിഭാഗത്തിൽപ്പെട്ട വരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 100 മുതൽ 160 ച. മീ വരെ വിസ്തീർണമുള്ള വീട് നിർമ്മിക്കുന്നതിന് ദേശസാൽകൃത/ ഷെഡ്യൂൾ ബാങ്ക് (RBIയുടെ നിയന്ത്രണത്തിലുള്ള)/ സർക്കാർ അംഗീകൃത സഹകരണ ബാങ്കിൽ നിന്നും ബോർഡ് അംഗീകരിച്ച നിബന്ധനകൾക്ക് വിധേയമായി തിരഞ്ഞെടുക്കപ്പെടുന്ന ഗണഭോക്താക്കൾക്ക് തവണകളായി വായ്പ തുക ലഭിക്കുന്നതിനോടൊപ്പം ബോർഡിൽ നിന്നും ആനുപാതികമായി സബ്സിഡി തുക അനുവദിക്കുന്നതാണ്. സർക്കാർ സബ്സിഡി പരമാവധി 3 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു.

**8. <u>സർക്കാർ / അർദ്ധസർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ പദ്ധതി</u>**

സർക്കാർ / അർദ്ധസർക്കാർ (സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ) സ്ഥപനങ്ങളിലെ കുറഞ്ഞത് 10 വർഷത്തെ സേവനം ബാക്കിയുള്ള ജീവനക്കാർക്കായി സ്വന്തം പേരിലോ ഭാര്യ /ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ എന്നിവരുടെ പേരിലോ സ്വന്തമായി വാസയോഗ്യമായ ഭവനമില്ലാത്തവരും,

| | | | |
|---|---|---|---|
| | | | നഗരപ്രദേശങ്ങളിൽ വാഹന ഗതാഗതയോഗ്യമായ കുറഞ്ഞത് 4 സെന്റ് ഭൂമി ഉള്ളവർക്കും, ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 8 സെന്റ് ഭൂമിയെങ്കിലുമുള്ള ജീവനക്കാർക്ക് കെട്ടിടത്തിന്റെ അടങ്കൽ തുകയുടെ 85% കണക്കാക്കി പരമാവധി 40 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണ് സർക്കാർ / അർദ്ധസർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ പദ്ധതി. |
| (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് നിർമ്മിച്ച നൽകിയ വീടുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ? | (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് വീടുകൾ നിർമ്മിച്ച പൂർത്തീകരിച്ച് നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ